GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/09/2026

1. എം.എസ്.സ്വാമിനാഥൻ ഗവേഷണനിലയവും ജെ.എസ്.ഡബ്ല്യു ഫൗണ്ടേഷനും ചേർന്ന് ഏർപ്പെടുത്തിയ മഹിളാ കൃഷിശ ക്തി പുരസ്കാരങ്ങൾക്ക് നാമനിർദേശംക്ഷണിച്ചു. 18 വയസ്സിന് മുകളിലുള്ള വനിതകൾക്കും വനിതകൾ നയിക്കുന്ന സ്ഥാപനങ്ങൾക്കും സെപ്റ്റംബർ 15 ന്കം നാമനിർദേശം സമർപ്പിക്കാം. ജേതാക്കൾക്ക് 7 ലക്ഷം രൂപ വരെ സമ്മാനം ലഭിക്കും. വിത്തുകളും ജൈവവൈവിധ്യവും, തദ്ദേശീയ അറിവുകളും കാലാവസ്ഥാ പ്രതിരോധശേഷിയും പരിസ്ഥിതിസംരക്ഷണവും, പോഷകാഹാര സുരക്ഷയും ഗ്രാമീണ ഉപജീവനവും എന്നീ 3 വിഭാഗങ്ങളിലായാണ പുരസ്കാരങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് 044 22541229 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2. റബ്ബർബോർഡിന്റെ കീഴിൽ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.സി.) റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പിലുള്ള പരിശീലനം 2026 സെപ്റ്റംബർ 07 മുതൽ 11 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള റബ്ബർകർഷകർക്കും തോട്ടംമേഖലയിൽനിന്നുള്ളവർക്കും അപേക്ഷിക്കാം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9207485392 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ്സൈറ്റായ (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

3. വെള്ളായണി കാർഷിക കോളേജിലെ Molecular Biology & Biotechnology വിഭാഗത്തിൽ **ബയോഇൻഫർമാറ്റിക്സ്** വിഷയം കൈകാര്യം ചെയ്യുന്നതിനായി ഒരു അസിസ്റ്റന്റ് പ്രൊഫസർ – നെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സെപ്റ്റംബർ 23–ന് വാക്ക്–ഇൻ–ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസം പരമാവധി വേതനം 44,100/– രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അടിസ്ഥാനത്തിൽ പരമാവധി ഒരു വർഷത്തേക്കോ, സ്ഥിരനിയമനം/ സ്ഥലംമാറ്റം മുഖേന ഒഴിവു നികത്തൽ നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഉള്ള കാലയളവിലേക്കാണ് നിയമനം. **ബയോഇൻഫർമാറ്റിക്സ്** – ൽ ബിരുദാനന്തര ബിരുദവും, പി.എച്ച്.ഡി

/ നെറ്റ് യോഗ്യതയും ഉള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസയോഗ്യത, വയസ്സ്, ജാതി, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ, തിരിച്ചറിയൽ രേഖ, സംവരണത്തിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകൾ, പ്രവർത്തി പരിചയം തെളിയിക്കുന്ന രേഖകൾ എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം തിരുവനന്തപുരത്തുള്ള വെള്ളായണി കാർഷിക കോളേജ്, ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ 23/09/2026-ന് രാവിലെ 09.30 മണിക്ക് ഹാജരാകേണ്ടതാണ്. നെറ്റ്/Ph.D യോഗ്യതയുള്ളവരുടെ അഭാവത്തിൽ നെറ്റ് യോഗ്യതയില്ലാത്തവരെയും പരിഗണിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0471-2381002, 2381915 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുകയോചെയ്യുക.

4. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ(കെപ്കോ) ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കെപ്കോ ചിക്കൻ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നതിന് ഏജൻസികൾ അനുവദിക്കുന്നതിന് വേണ്ടി നിലവിൽ 2 കിലോമീറ്റർ പരിധിയിൽ കെപ്കോ ചിക്കൻ ഏജൻസികൾ ഇല്ലാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപ്പര്യമുള്ള വ്യക്തികൾ/ സ്ഥാപന ഉടമകൾ സ്വന്തം വിശദാംശങ്ങളും, ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം എന്നിവ

വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് പേട്ട – തിരുവനന്തപുരം 695024 മേൽവിലാസത്തിലോ. kepcopoultry@gmail.com എന്ന ഇ–മെയിലിലോ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9809159559. എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള വെള്ളാനിക്കര വെജിറ്റബിൾ സയൻസ് ഡിപ്പാർട്ട്മെന്റിൽ ചീര – (അരുൺ (Red) Co 1 (Green), വെണ്ട – (അർക്ക, അനാമിക), വഴുതന – (ഹരിത), വെള്ളരി – (സൗഭാഗ്യ) വാളരിപയർ, പീച്ചിങ്ങ (KRH 1), പാവൽ (പ്രഗതി) എന്നീ പച്ചക്കറി വിത്തുകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.